**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3497** **05-08-2021 - ൽ മറുപടിയ്ക്ക്**

**ബാംബൂ കോർപ്പറേഷൻ ജീവനക്കാരിൽ നിന്നും പിടിക്കുന്ന പി. എഫ്. വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ബാംബൂ കോർപ്പറേഷനിലെ ജീവനക്കാരിൽ നിന്നും പിടിക്കുന്ന പി. എഫ്. വിഹിതം യഥാസമയം ഒടുക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ധനകാര്യവകുപ്പ് പരിശോധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ബാംബൂ കോർപ്പറേഷനുമായി ബന്ധപ്പെട്ടിട്ടുള്ള വിവിധ പരാതികളിൽ ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തി വരുന്നു. ജീവനക്കാരിൽ നിന്നും പിടിക്കുന്ന ഇ.പി.എഫ് വിഹിതം 2016 ജനുവരി മാസം മുതൽ 2019 ഏപ്രിൽ മാസം വരെ 2,09,17,543 (രണ്ട് കോടി ഒൻപത് ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ്റി നാൽപ്പത്തി മൂന്ന്) ഒടുക്കിയിരുന്നില്ലായെന്ന് പ്രാഥമിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ബാംബൂ കോർപ്പറേഷന്റെ നിലവിലെ ധനസ്ഥിതി പരിശോധിക്കുവാനും തൊഴിലാളികളുടെ പെൻഷൻ തുകയും സ്ഥാപനത്തിന്റെ പെൻഷൻ വിഹിതവും ഒടുക്കാത്തത് പരിശോധിക്കുവാനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ധനകാര്യ പരിശോധന വിഭാഗം ബന്ധപ്പെട്ട വിഷയങ്ങളിൽ വിശദമായ പരിശോധന നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ